"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം: DGE/6608/2026-A2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 04-05-2026

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് - 2026-2027 അധ്യയന വർഷത്തെ മോഡൽ റസിഡൻഷ്യൽ സ്കൂൾ അധ്യാപകരുടെ സ്ഥലംമാറ്റം മുഖേനയുള്ള നിയമനം - സംബന്ധിച്ച്

സൂചന :-

1. സ.ഉ.(സാധാ.)നം.1071/2011/പ.ജ.പ.വ.വി.വ. തീയതി 05.11.2011
2. സ.ഉ.(സാധാ,)നം.769/2017/പ.ജ.പ.വ.വി.വ., തീയതി 22.03.2017.
3. 25.01.2012-ലെ 77830/ആർ1/2011/ പൊ.വി.വ. നമ്പർ സർക്കാർ കത്ത്.
4. 16.08.2012-ലെ 12012/ആർ1/2012/ പൊ.വി.വ. നമ്പർ സർക്കാർ കത്ത്.
5. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 16.10.1999-ലെ ഡി3/1079199 നമ്പർ സർക്കുലർ.
6. 29.04.2025-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/1369/2025-D4 നമ്പർ ഉത്തരവ്.
7. 26.04.2025-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ SCDD/9629/2021-C1(EDN C) നമ്പർ ഉത്തരവ്.

*****

സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥലംമാറ്റം മുഖേന അധ്യാപകരെ നിയമിക്കുന്നതിനുള്ള പാനൽ രൂപീകരിക്കുന്നതിനായി സർക്കാർ സ്കൂളുകളിൽ സേവനം ചെയ്യുന്ന അധ്യാപകരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർ കൺവീനറുമായ ബോർഡാണ് കൂടിക്കാഴ്ച നടത്തുന്നത്.

സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് പഠിപ്പിക്കുന്നതിനും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം ജോലി ചെയ്യുന്നതിനും താൽപര്യമുള്ള അധ്യാപകർ മാത്രം സർക്കുലറിനോടൊപ്പമുള്ള നിശ്ചിത പ്രഫോമയിലുള്ള അപേക്ഷ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കേണ്ടതാണ്. **പട്ടികജാതി വകുപ്പിന് കീഴിലുള്ള സ്കൂളുകളിലേയ്ക്കും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്കൂളുകളിലേക്കുമുള്ള അഭിമുഖം രണ്ട് തീയതികളിലായിട്ടാണ് നടത്തുന്നത്. ആയത് അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.** കൂടിക്കാഴ്ചയുടെ തീയതി പത്രക്കുറിപ്പിലൂടെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടേയും (www.education.kerala.gov.in) പിന്നീട് ലഭ്യമാക്കുന്നതാണ്. ബോർഡ് രൂപീകരിക്കുന്ന പാനലിൽ നിന്നും താഴെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരിക്കും അധ്യാപക നിയമനം നടത്തുന്നത്.

<u>വ്യവസ്ഥകൾ</u>

1. നിയമനം ലഭിക്കുന്ന അധ്യാപകർ നിർബന്ധമായും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യാപനം നടത്തേണ്ടതാണ്.

2. പാനലിൽ നിന്നുള്ള നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദ് ചെയ്ത് നൽകുന്നതല്ല. നിയമനം ലഭിച്ചാൽ നിയമന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നിശ്ചിത തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്. കൈക്കൊള്ളുന്നതാണ്.

3. അഭിമുഖത്തിലൂടെയുള്ള നിയമനങ്ങൾ പൊതുതാൽപര്യാർത്ഥമുള്ള നിയമനങ്ങളായതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനു പരിഗണിക്കുന്നതിനു നിലവിൽ യോഗ്യതയില്ലാത്ത അധ്യാപകർക്കും നിയമനം ലഭിക്കാൻ അർഹതയുണ്ട്.

4. നിയമനം ലഭിക്കുന്ന എല്ലാ അധ്യാപകരും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷക്കാലം നിയമനം ലഭിക്കുന്ന സ്കൂളിൽ ജോലി ചെയ്യേണ്ടതാണ്.

5. എം.ആർ.എസ്. സ്ഥിതി ചെയ്യുന്ന ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലമാറ്റം ആവശ്യപ്പെടുന്ന യോഗ്യതയുള്ള അധ്യാപകർക്ക് നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി മാത്രം ആയത് അനുവദിച്ചുനൽകുന്നതാണ്. ഇതിലേയ്ക്കായി നിയമനം അന്തർജില്ലാ സ്ഥലംമാറ്റമായി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പ്രത്യേകമായി തയ്യാറാക്കി പ്രധാനാധ്യാപകന്റെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ശുപാർശയോടു കൂടി കൂടിക്കാഴ്ച സമയത്തുതന്നെ ഹാജരാക്കേണ്ടതാണ്.

6. യോഗ്യതയുണ്ടായിട്ടും അന്തർജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടാത്ത അധ്യാപകരെയും അന്തർജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതിനു യോഗ്യതയില്ലാത്ത അധ്യാപകരെയും എം.ആർ.എസ്.-ലെ സേവനകാലാവധി യ്ക്കുശേഷം മാതൃജില്ലയിലേക്ക് മടക്കി അയയ്ക്കുന്നതാണ്. ഈ അധ്യാപകരുടെ എം.ആർ.എസ്. സേവനകാലം മാതൃജില്ലയിൽ നിലനിർത്തി സീനിയോരിറ്റി കണക്കാക്കാവുന്നതാണ്.

7. നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്.-ൽ നിയമനം ലഭിക്കുന്നവർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖന നിയമനം ലഭിക്കുന്നവർക്കും നിർദ്ദിഷ്ട സേവനകാലം പൂർത്തിയാക്കിയതിനു ശേഷം ജില്ലയ്ക്കുള്ളിലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേനെ അപേക്ഷിക്കാവുന്നതാണ്. അധ്യാപകരെ എം.ആർ.എസ്.-ൽ നിന്നും വിടുതൽ ചെയ്യുന്നതിലേയ്ക്കായി പ്രധാനാധ്യാപകന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ആവശ്യമാണ്.

8. കാലാകാലങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നതിനു തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ ബാധ്യസ്ഥരാണ്.

9. ശിക്ഷാനടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ.എസ്-ലെ സേവനം അവസാനിപ്പിക്കുകയാണെങ്കിൽ അധ്യാപകരെ അവർ ഏതു ജില്ലയിൽ നിന്നാണോ വന്നത് അതേ ജില്ലയിലേക്കുതന്നെ മാറ്റി നിയമിക്കുന്നതായിരിക്കും. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരെ അവരുടെ അന്തർജില്ലാ സ്ഥലംമാറ്റം റദ്ദ് ചെയ്ത് മാതൃജില്ലയിലേക്ക് മടക്കി അയക്കുന്നതായിരിക്കും.

10. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ മാനേജർ-കം-റസിഡൻഷ്യൽ ട്യൂട്ടർ (എം.സി.ആർ.റ്റി) തസ്തികയിൽ എച്ച്.എസ്.എ. കേഡറിലുള്ളവരെ മാത്രമാണ് നിയമനത്തിന് പരിഗണിക്കുന്നത്. ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവരുടെ ജോലികളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ചുള്ള വ്യവസ്ഥകൾ സൂചന (5) പ്രകാരമുള്ള സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്.

പട്ടികജാതി ,പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഒഴിവ് വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

Digitally signed by
Asif K Yusuf
Date: 04-05-2026
23:50:06

<u>പകർപ്പ്:</u>

1. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
2. ഡെപ്യൂട്ടി ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്.
3. ഡയറക്ടർ എസ്.സി.ഇ.ആർ.ടി.
4. ഡെപ്യൂട്ടി ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്.
5. ഡെപ്യൂട്ടി ഡയറക്ടർ പട്ടിക വർഗ്ഗ വികസന വകുപ്പ്.
6. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
7. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനെ)
8. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനെ)
9. എല്ലാ ഹെഡ്മാസ്റ്റർമാർക്കും. (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനെ)
10. ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ,കൈറ്റ് (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗികവെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി നൽകുന്നു.)
11. കരുതൽ ഫയൽ

പട്ടികവർഗ്ഗ  വികസന വകുപ്പിൻറെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ഒഴിവ് വിവരങ്ങൾ

1.തിരുവനന്തപുരം

| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|---|
| ഡോ.അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ  ഗേൾസ് , കട്ടേല , ശ്രീകാര്യം | എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് | 1 | 02.06.2025 | |

2. കൊല്ലം

| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|---|
| ജി.എം.ആർ.എസ് കുളത്തൂപ്പുഴ | എം.സി.ആർ.ടി | 1 | 01.04.2026 | |

3. ആലപ്പുഴ

ഒഴിവുകൾ ഇല്ല

4.പത്തനംതിട്ട

| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|---|
| ജി.എം.ആർ.എസ് വടശ്ശേരിക്കര | എച്ച്.എസ്.ടി ഹിന്ദി | 1 | 02.04.2025 | |

5.കോട്ടയം

| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജി.എം.ആർ.എസ് ഏറ്റുമാനൂർ | എച്ച്.എസ്.ടി നാച്ചുറൽ സയൻസ് | 1 | 31.05.2026 | |
| 6 ഇടുക്കി | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്ക്സ് |
| മോഡൽ റസിഡൻഷ്യൽ സ്കൂൾ മൂന്നാർ | എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് | 1 | 11.07.2024 | |
| 7.എറണാകുളം | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 8. തൃശ്ശൂർ | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്ക്സ് |
| ജി.എം.ആർ.എസ് ചാലക്കുടി | എച്ച്.എസ്.ടി ഗണിതം | 1 | 31.03.2026 | |
| | എച്ച്.എസ്.ടി ഹിന്ദി | 1 | 31.03.2026 | |
| 9.പാലക്കാട് | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്ക്സ് |
| ജി.എം.ആർ.എസ് അട്ടപ്പാടി | എച്ച്.എസ്.ടി നാച്ചുറൽ സയൻസ് | 1 | 14.06.2024 | |
| | എച്ച്.എസ്.ടി ഇംഗ്ലീഷ് | 1 | 02.07.2025 | |
| | എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് | 1 | 02.06.2025 | |
| | | | | |

| | | | | |
|---|---|---|---|---|
| | എച്ച്.എസ്.ടി മലയാളം | 1 | 04.08.2025 | |
| | എച്ച്.എസ്.ടി ഗണിതം | 1 | 07.08.2025 | |
| | എം.സി.ആർ.ടി | 1 | 1997 | |
| ഗവ.ആശ്രമം എച്ച്.എസ് മലമ്പുഴ | എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് | 1 | 01.06.2024 | |
| 10. മലപ്പുറം | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
| IGMMRS നിലമ്പൂർ | എച്ച്.എസ്.ടി ഗണിതം | 1 | 04.06.2025 | |
| | എച്ച്.എസ്.ടി ഹിന്ദി | 1 | 03.06.2025 | |
| | എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് | 1 | 28.03.2025 | |
| | എച്ച്.എസ്.ടി നാച്ചറൽ സയൻസ് | 1 | 03.06.2025 | |
| 11 കോഴിക്കോട് | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 12. വയനാട് | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
| ജി.എം.ആർ.എസ് തിരുനെല്ലി | എച്ച്.എസ്.ടി ഇംഗ്ലീഷ് | 1 | 02.08.2025 | |
| | | | | |

| | | | | |
|---|---|---|---|---|
| | എച്ച്.എസ്.ടി ഹിന്ദി | 1 | 02.06.2025 | |
| ജി.എം.ആർ.എസ് നല്ലൂർനാട് | എച്ച്.എസ്.ടി മ്യൂസിക് | 1 | 01.04.2026 | |
| ജി.എം.ആർ.എസ് നൂൽപ്പുഴ | എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് | 1 | 02.06.2025 | |
| | എച്ച്.എസ്.ടി ഹിന്ദി | 1 | | |
| ജി.എം.ആർ.എസ് കൽപ്പറ്റ | എച്ച്.എസ്.ടി ഹിന്ദി | 1 | 02.06.2025 | |
| 13. കണ്ണൂർ | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
| ജി.എം.ആർ.എസ് ഫോർ ബോയ്സ് പട്ടുവം | എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് | 1 | 05.06.2023 | |
| 14. കാസർഗോഡ് | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
| ജി.എം.ആർ.എച്ച്.എസ് ഫോർ ഗേൾസ് കാസർഗോഡ് | എച്ച്.എസ്.ടി സോഷ്യൽ സയൻസ് | 1 | 30.04.2026 | |

| |
|---|
| പട്ടികജാതി വികസന വകുപ്പിൻറെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ഒഴിവ് വിവരങ്ങൾ |
| 1.തിരുവനന്തപുരം |

| | | | | |
|---|---|---|---|---|
| ഒഴിവുകൾ ഇല്ല | | | | |
| 2. കൊല്ലം | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 3. ആലപ്പുഴ | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 4.പത്തനംതിട്ട | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 5.കോട്ടയം | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 6ഇടുക്കി | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
| മോഡൽ റസിഡൻഷ്യൽ സ്കൂൾ പീരുമേട് | എച്ച്.എസ്.ടി ഡ്രോയിംഗ് | 1 | 01.06.2023 | |
| 7.എറണാകുളം | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
| ജി.എം.ആർ.എസ് കീഴ്മാട്, ആലുവ . | എച്ച്.എസ്.ടി സോഷ്യൽ സയൻസ് | 1 | 03.07.2025 | |
| | എച്ച്.എസ്.ടി നാച്ചുറൽ സയൻസ് | 1 | 01.07.2025 | |
| 8. തൃശ്ശൂർ | | | | |
| സ്കൂൾ | തസ്തിക | ഒഴിവ് | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
| ജി.എം.ആർ.എസ് വടക്കാഞ്ചേരി | എം.സി.ആർ.ടി | 1 | 05.01.20211 | |
| ജി.എം.ആർ.എസ് ചേലക്കര | എം.സി.ആർ.ടി | 1 | 05.01.20211 | |
| 9.പാലക്കാട് | | | | |
| | | | ഒഴിവ് നിലവിൽ വന്ന | |

| സ്കൂൾ | തസ്തിക | ഒഴിവ് | തീയതി | റിമാർക്സ് |
|---|---|---|---|---|
| ജി.എം.ആർ.എസ് കുഴൽമന്ദം | എം.സി.ആർ.ടി | 1 | 01.04.2025 | |
| ജി.എം.ആർ.എസ് തൃത്താല | എച്ച്.എസ്.ടി മലയാളം | 2 | 02.06.2025, 29.09.2025 | |
| | എം.സി.ആർ.ടി | 1 | 08.06.2012 | |
| 10. മലപ്പുറം | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 11 കോഴിക്കോട് | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 12. വയനാട് | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 13. കണ്ണൂർ | | | | |
| ഒഴിവുകൾ ഇല്ല | | | | |
| 14. കാസർഗോഡ് | | | | |
| ഒഴിവുകൾ ഇല്ല | | | | |

**MODEL RESIDENTIAL SCHOOL TRANSFER AND POSTING 2026-27**
**APPLICATION TO MODEL RESIDENTIAL SCHOOL ……………………..**

1. Name (Initials after the Name) :
2. Working District :
3. Working Sub District :
4. Name of Present Working School :
5. Designation :
6. Name of MRS to which transfer is required :
   a) If applied for MCRT give details
7. Date of Birth (DD/MM/YYYY) :
8. Phone Number :
9. Mobile Number :
10. (a) PSC Advice Number, Serial Number (Sl.No.) and Date of appointment in the present category (DD/MM/YYYY) :
    (b) Recruitment Order (RO), Serial Number (Sl.No.) and date of appointment in the present category (DD/MM/YYY) :
11. Date of joining duty in the present Revenue District in the present category :
    (a) Exemptions if any, for minimum tenure of 5 year service. :
    (b) Whether apply under GO(MS)No.94/2003 dated 23.04.2003.
12. Length of unqualified service if any
    (a) Deputation (Total No. of period including holidays in days) :
    (b) L.W.A. under Appendix XII A Part I KSR (Specify) :
13. Length of qualified service (YY/MM/DD) :

Place :
Date :

**Signature of the Applicant**

# DECLARATION

1. ………………………………………………………….. do hereby declare that the particulars furnished in the Application are true.
2. I, …………………………………………….. do hereby declare that I am willing to be transferred to Model Residential School …………………………………….. on conditions laid put in the Circular No. ……………….. dated, …………………. issued by the Director of General Education, Thiruvananthapuram.
3. (To be scored in the case of Inter District Transfer).
   I ………………………………………………… do hereby declare that I am willing to be transferred on condition that as the Junior most in …………………. Revenue District in the respective of the fact whether I am working full-time or nor at time of my-transfer to.............................. Revenue District from..............................Revenue District.

Place :
Date :

**Signature of the Applicant**

Certified that the service details and total qualifying service details as on …………………… furnished by Sri.................................................in the application have been verified and found correct.

(Office Seal)

**Signature of Headmaster/Assistant Educational Officer**

Place :
Date :

(If the school is LP/UP, not attaching with the High School, the application will be recommended by the Assistant Educational Officer).

**Recommendation of concerned DDE**

(Office Seal)